# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 003/2017

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ ഭദ്രാസനത്തിന്റെ 2016-2017-ലെ വാർഷികപൊതുയോഗം 2017 ജൂലൈ മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നമ്മുടെ ഭദ്രാസന ആസ്ഥാനത്ത് വച്ച് കൂടുന്നതാണ്. ആ ഇടവകയിലെ ഭരണഘടനാനുസൃതം തിരഞ്ഞെടുക്കപ്പെട്ട വൈദികനും പ്രതിനിധികളും പള്ളിചെലവിൽ പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. ഭദ്രാസനത്തിൽ നിന്നുള്ള അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. പ്രതിനിധികൾക്കും മീറ്റിംഗ് നടത്തിപ്പിനായി പ്രത്യേകം അനുവാദം നൽകുന്നവർക്കും മാത്രമേ അന്നേദിവസം പ്രവേശന അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പ്രതിനിധികൾ വികാരിയുടെ സാക്ഷ്യപത്രവുമായി വന്ന് ഹാജർ പുസ്തകത്തിൽ ഒപ്പുവച്ചതിനുശേഷം കൃത്യസമയത്ത് സമ്മേളനസ്ഥലത്ത് പ്രവേശിച്ചിരിക്കേണ്ടതാണ്.

**AGENDA**

1. Prayer
2. Notice Kalpana
3. Welcome / Introduction of Assembly Members
4. Devotional Address
5. Presidential Address
6. Resolutions
7. Minutes of the previous A.G.M.
8. Matters arised from the minutes.
9. Annual Report 2016-17.
10. Annual Accounts 2016-17.
11. Question / Answers on Report & Accounts
12. Budget 2017-2018.
13. Fixation of a minimum contribution towards Diocesan Day.
14. Constituting the Development Committee for 2017-2022.
15. Election of Internal & External Auditors.
16. Election of Diocesan Secretary 2017-2022.
17. Election of two priests and four lay members to the Diocesan Council 2017-2022.
18. Other matters by the Chair.
19. Vote of thanks.
20. Prayer

വാർഷിക റിപ്പോർട്ടും കണക്കും ഇടവകകളിലേക്ക് മുൻകൂട്ടി അയച്ചുതതരുന്നതാണ്. പ്രതിനിധികൾ ഇടവക വികാരിയിൽ നിന്നും അത് കൈപ്പറ്റേണ്ടതും അതിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ 2017 ജൂലൈ മാസം 9-ാം തീയതി ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്കുമുമ്പായി നമ്മുടെ ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ആ ചോദ്യങ്ങൾക്കു മാത്രമേ ഭദ്രാസനപൊതുയോഗത്തിൽ ഉത്തരം നൽകുകയുള്ളൂ.

ഭദ്രാസനസെക്രട്ടറി ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്കുള്ള നാമനിർദ്ദേശ പത്രികകൾ നമ്മുടെ ഭദ്രാസന ഓഫീസിൽ നിന്നും 2017 ജൂലൈ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ലഭിക്കുന്നതാണ്. പൂരിപ്പിച്ച പത്രികകൾ 2017 ജൂലൈ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ നമ്മുടെ ഭദ്രാസന ഓഫീസിൽ ഭദ്രാസന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. 2017 ജൂലൈ 12-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്കു മുമ്പായി അപേക്ഷ പിൻവലിക്കേണ്ടവർക്ക് അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം 5 മണിക്ക് അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി സ്ഥാനാർത്ഥികളുടെ ലിസ്റ്റ് ഭദ്രാസന ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. നാമനിർദ്ദേശപത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്നതുമുതൽ ഫലം പ്രഖ്യാപിക്കുന്നതുവരെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി വരണാധികാരിയായി നമ്മുടെ ബാംഗ്ലൂർ സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രൽ അംഗം ശ്രീ. പി. ജി. ചാക്കോയെ നാം നിയമിച്ചിട്ടുണ്ട്.

വീണ്ടും പ്രിയരെ, നമ്മുടെ ഭദ്രാസനത്തിലെ പള്ളികളിൽ നിന്നുള്ള കാതോലിക്കാദിന കവർ പിരിവും റശീസയും മറ്റു കേന്ദ്രവിഹിതങ്ങളും ഭദ്രാസനപൊതുയോഗദിവസം നമ്മുടെ ഭദ്രാസന ഓഫീസിൽ സ്വീകരിക്കുന്നതാണ്. ഇടവകകൾക്ക് നിശ്ചയിച്ചിട്ടുള്ള ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിച്ച് ലിസ്റ്റ് സഹിതം ബഹു. വികാരിമാർ കൊണ്ടുവരേണ്ടതാണ്.

ഭദ്രാസനത്തിലെ വൈദികരുടെ വാർഷികധ്യാനവും സമ്മേളനവും 2017 ജൂലൈ 12-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 13-ാം തീയതി വ്യാഴാഴ്ച രാവിലെ വി. കുർബ്ബാനയോടെ സമാപിക്കുന്നതാണ്. നമ്മുടെ എല്ലാ വൈദികരും പ്രസ്തുത ധ്യാനത്തിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. വാർഷികധ്യാനത്തിന് വന്ദ്യ ബോബി ജോസ് കട്ടിക്കാട്ടിൽ അച്ചൻ നേതൃത്വം നൽകുന്നതാണ്.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2017 ജൂൺ മാസം 4-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും